LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ പ്രൊഫഷണൽ കോളേജ്-മാനേജ്മെന്റ് മെരിറ്റ് സീറ്റുകളിലെ ഫീസ്

*9 [128] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, കെ. പി. രാജേന്ദ്രൻ:

,, പി. നാരായണൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് സീറ്റിലേക്കും മാനേജ്മെന്റ് സീറ്റിലേക്കും ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ രണ്ട് വിഭാഗങ്ങളിലും ഓരോ ഇനങ്ങളിൽ എത്ര രൂപ വീത മാണ് ഫീസായി ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മാനേജ്മെന്റ് സീറ്റിലേക്കുള്ള പ്രവേശനത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ—ഡി) ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിശ്ചയിക്കുന്നതിനായി ജസ്റ്റിസ് കെ. ടി. തോമസ് അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി, അഡ്മിഷനും, ഫീസും സംബന്ധിച്ച കാര്യങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ അതിലെ ഫീസ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ സർക്കാരിന് സ്വീകാര്യമായി തോന്നാത്ത തിനാൽ ഇക്കാര്യം സർവ്വകക്ഷി നേതാക്കൾ, കോളേജ് മാനേജ്മെന്റ് പ്രതിനിധി കൾ, വിദ്യാർത്ഥി നേതാക്കൾ എന്നിവരുമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഇതിനായി സമഗ്രമായ നിയമനിർമ്മാണം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ അതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരിക യുമാണ്.

പ്ലസ് വൺ ക്ലാസ്സിൽ പബ്ലിക് പരീക്ഷ ഏർപ്പെടുത്തുവാനുള്ള നടപടി

*10 [129] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, എൻ. ശക്തൻ:

,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ ക്ലാസ്സിൽ പബ്ലിക് പരീക്ഷ ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ പബ്ലിക് പരീക്ഷ നടത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്;

(സി) പബ്ലിക് പരീക്ഷയുടെ ഫലം യഥാസമയം പ്രസിദ്ധീകരിക്കാനും തോൽക്കുന്നവർക്ക് വേണ്ടിയുള്ള സപ്ലിമെന്ററി പരീക്ഷകൾ കൃത്യസമയത്ത് നടത്തി ഫലം പ്രഖ്യാപിക്കുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ—സി) പ്ലസ് വൺ ക്ലാസ്സിൽ പബ്ലിക് പരീക്ഷ ഏർപ്പെടുത്തുവാൻ തൽക്കാലം ഉദ്ദേശിമില്ല. എന്നാൽ ജില്ലാതലത്തിൽ മറ്റൊരു പരീക്ഷ നടത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ തീരുമാനമായില്ല.

പ്രവാസി സ്വാശ്രയ പദ്ധതി

*11 [130] ശ്രീ. എം. കുമാരൻ:

,, ബിനോയ് വിശ്വം:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'പ്രവാസി സ്വാശ്രയ' എന്ന സാമൂഹ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം മേഖലകളിൽപ്പെട്ടവർക്ക് പദ്ധതിയിൽ അംഗമാകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) ഉണ്ട്.

(ബി) എൻഡോവ്മെന്റോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ ആനന്ദോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ അക്ഷയ് സതാര പെൻഷൻ, ലൈഫ് കവറേജ് ഇല്ലാതെയുള്ള ജീവൻ സുരക്ഷ, ടേം റൈഡറോടു കൂടിയ ജീവൻ സുരക്ഷ, ഒറ്റത്തവണ പ്രീമിയം അടച്ചുകൊണ്ടുള്ള ജീവൻ സുരക്ഷ എന്നീ ആറു സ്കീമുകളടങ്ങിയ ഒരു സഞ്ചിത പദ്ധതിയാണ് 'പ്രവാസി സ്വാശ്രയ' എന്ന പേരിൽ വിപണനം ചെയ്യുന്നത്. പദ്ധതിയുടെ നടത്തിപ്പിന്റെ പരിപൂർണ്ണ ചുമതല നോഡൽ ഏജൻസിയായ റൂട്ട്സ്-എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് എന്ന കമ്പനിയിൽ നിക്ഷിപ്തമാണ്. പദ്ധതിയിലെ അംഗങ്ങൾക്ക് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുടെ വ്യക്തിഗത-അപകട ഇൻഷ്വറൻസ് പരിരക്ഷ മാത്രമായോ ഇൻഷ്വറൻസ് പരിരക്ഷയും രോഗ ചികിത്സാ സഹായവും കൂടിയോ ലഭ്യമാക്കുന്നതാണ്. അംഗത്തിന് ഇവയിലൊന്ന് തെരഞ്ഞെടുക്കാവുന്നതാണ്. സർക്കാർ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പാക്കിയിരുന്ന പ്രവാസി സുരക്ഷാ അപകട ഇൻഷ്വറൻസ് പദ്ധതികളിൽ 990 രൂപ അടച്ചുകൊണ്ട് 5 ലക്ഷം രൂപയ്ക്ക് ഇൻഷ്വർ ചെയ്തിരുന്ന പദ്ധതിയാണ് ഭേദഗതികളോടെ

LIBRARY ARCHIVES Kerala Legislative Assembly